# പതിനാലാം കേരള നിയമസഭ

## ഇരുപത്തൊന്നാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2020 ഡിസംബർ 31, വ്യാഴം

പതിനാലാം കേരള നിയമസഭയുടെ ഇരുപത്തൊന്നാം സമ്മേളനം 2020 ഡിസംബർ 31-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് ദേശീയഗാനാലാപനത്തോടെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് പ്രത്യേകം പ്രത്യേകം ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

മി. സ്പീക്കർ: രാജ്യത്തിന്റെ നാനാഭാഗങ്ങളിൽനിന്നും പതിനായിരക്കണക്കിന് കൃഷിക്കാർ തങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് ലഭിക്കാൻ പോകുന്ന ന്യായവിലയേയും താങ്ങുവിലയേയും സംബന്ധിച്ചുള്ള ആശങ്കയിൽ ആഴ്ചകളായി കൊടുംതണുപ്പിൽ തെരുവിൽ സമാനതകളില്ലാതെ സമരം നടത്തുന്ന പശ്ചാത്തലത്തിലാണ് ഇന്ന്

നിയമസഭാ സമ്മേളനം ചേരുന്നത്. ഇന്ത്യയെന്ന ആശയത്തിന്റെ കരുത്തുറ്റ അടിത്തറയോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടും ഈ പ്രക്ഷോഭത്തിൽ ഭരണഘടനയുടെ സുവ്യക്തമായ അനുച്ഛേദങ്ങൾ (245, 246) മുന്നോട്ടുവയ്ക്കുന്ന ഫെഡറൽ ശക്തിയെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തൽ നടത്തിക്കൊണ്ടും ചേരുന്ന ഈ സമ്മേളനം അങ്ങേയറ്റം പ്രസക്തമാണ്.

## I ഗവൺമെന്റ് പ്രമേയം (ചട്ടം 118)

കേന്ദ്ര കർഷകവിരുദ്ധ നിയമങ്ങൾ റദ്ദാക്കൽ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): താഴെപ്പറയുന്ന പ്രമേയം അവതരിപ്പിക്കുന്നു.

"രാജ്യതലസ്ഥാനം കർഷകരുടെ ഐതിഹാസികമായ പോരാട്ടത്തിന് സാക്ഷ്യം വഹിക്കുകയാണ്. സമീപകാലത്തെങ്ങും ദൃശ്യമാകാത്ത വലിയ ഇച്ഛാശക്തി ഈ പ്രതിഷേധത്തിന് പിന്നിലുണ്ട്.

കേന്ദ്രസർക്കാർ പാർലമെന്റിൽ അവതരിപ്പിച്ച് പാസ്സാക്കിയെടുത്ത, കോർപ്പറേറ്റ് അനുകൂല, കർഷകവിരുദ്ധ നിയമങ്ങളായ The Farmers (Empowerment and Protection) Agreement on Price Assurance and Farm Services Act 2020, The Farmers' Produce Trade and Commerce (Promotion and Facilitation) Act 2020, The Essential Commodities (Amendment) Act

2020 എന്നിവയ്ക്കെതിരെയാണ് കർഷകരോഷം ഇരമ്പുന്നത്. ഡൽഹിയിലെ അതിശൈത്യത്തെ നേരിട്ടാണ് കർഷകർ ഈ മഹാസമരത്തിൽ അണിചേരുന്നത്. 35 ദിവസത്തെ സമരത്തിനിടയിൽ 32 കർഷകർക്കാണ് ജീവൻ നഷ്ടപ്പെട്ടത്.

കോവിഡ് വ്യാപനത്തിൽ ലോകത്ത് രണ്ടാം സ്ഥാനത്താണ് നമ്മുടെ രാജ്യം. ഈ സാഹചര്യത്തിൽ ജനരോഷം ക്ഷണിച്ചുവരുത്തുന്ന നിയമനിർമ്മാണ നടപടിയിലേയ്ക്ക് ഗവൺമെന്റ് കടക്കേണ്ടതില്ലായിരുന്നു. ചില നിയമനിർമ്മാണങ്ങൾ അത് ബാധിക്കപ്പെടുന്ന ജനവിഭാഗങ്ങൾക്കിടയിൽ വലിയ ആശങ്കയും സംശയവും ജനിപ്പിക്കുമ്പോൾ നിയമനിർമ്മാണ സഭകൾക്ക് അത് ഗൗരവമായി പരിഗണിക്കാൻ ബാധ്യതയുണ്ട്.

ഏറ്റവും ഒടുവിൽ ലഭ്യമായിട്ടുള്ള കേന്ദ്രസർക്കാരിന്റെ ഔദ്യോഗിക റിപ്പോർട്ട് പ്രകാരം രാജ്യത്തെ തൊഴിൽ ശക്തിയുടെ 43.3 ശതമാനം കാർഷിക മേഖലയിലാണ് തങ്ങളുടെ അദ്ധ്വാനശേഷി വിനിയോഗിക്കുന്നത്. നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം കൃഷി ഒരു ഉൽപ്പാദന മേഖല മാത്രമല്ല, നമ്മുടെ സംസ്കാരത്തിന്റെ ഭാഗംകൂടിയാണ്. അതിനാൽത്തന്നെ കാർഷിക രംഗത്തെ പരിഷ്കരണങ്ങൾ വളരെ ശ്രദ്ധാപൂർവ്വം വിഭാവനം ചെയ്ത് നടപ്പാക്കേണ്ടവയാണ്. ഇക്കാര്യത്തിൽ കേരളത്തിന് വിപുലമായ അനുഭവസമ്പത്തുണ്ട്. ഭൂപരിഷ്കരണ നിയമം വിജയകരമായി നടപ്പാക്കിയ സംസ്ഥാനമാണ് കേരളം. മാത്രമല്ല,

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ പങ്കാളിത്തത്തോടെ കാർഷികരംഗത്തെ പ്രതിസന്ധികൾ പരിഹരിക്കാനുള്ള മികച്ച ഇടപെടലുകളും കേരളം നടത്തിയിട്ടുണ്ട്.

രാജ്യത്ത് 1960-കളിൽ നടപ്പായ ഹരിതവിപ്ലവത്തിനുശേഷം ഭക്ഷ്യധാന്യങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് മിനിമം വില ലഭ്യമാക്കാൻ സംവിധാനമൊരുക്കി. എന്നാൽ ചുരുക്കം ചില ഉൽപ്പന്നങ്ങൾക്ക് മാത്രമേ താങ്ങുവില ലഭ്യമാകുന്നുള്ളൂ. രാജ്യത്തെ പല ഭാഗങ്ങളിലും കാർഷിക ഉൽപ്പന്നങ്ങളുടെ വിലത്തകർച്ചയും  കർഷക ആത്മഹത്യകളും വലിയ സാമൂഹിക പ്രശ്നങ്ങളായി മാറിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ കൂടുതൽ ഉൽപ്പന്നങ്ങൾക്ക് താങ്ങുവില പ്രഖ്യാപിച്ച് കാർഷികവൃത്തി ലാഭകരമായി നടത്താൻ സഹായകമായ നടപടികളാണ് സർക്കാർ സ്വീകരിക്കേണ്ടത്.

കാർഷികമേഖല വലിയ പ്രതിസന്ധി നേരിടുന്ന ഘട്ടത്തിലാണ് കാർഷിക രംഗത്ത് വലിയ പ്രത്യാഘാതങ്ങളുണ്ടാക്കുന്ന പുതിയ മൂന്ന് നിയമങ്ങൾ കേന്ദ്രസർക്കാർ പാർലമെന്റിൽ അവതരിപ്പിച്ച് പാസ്സാക്കിയിട്ടുള്ളത്. ഇതിനെത്തുടർന്ന് ഭക്ഷ്യധാന്യങ്ങൾക്ക് നിലവിലുള്ള താങ്ങുവിലപോലും നഷ്ടപ്പെടുമോയെന്ന ഭയാശങ്കയാണ് കർഷകരെ അലട്ടുന്നത്.

കർഷകരുടെ വിലപേശൽശേഷി മിക്കപ്പോഴും കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ

ശക്തിക്കുമുന്നിൽ വളരെ ദുർബലമാകുമെന്നതാണ് ഇതിൽ ഉയരുന്ന ഗൗരവതരമായ പ്രശ്നം. കർഷകർക്ക് നിയമപരിരക്ഷ ലഭിക്കാനുള്ള വ്യവസ്ഥകൾ നിയമത്തിലില്ലെന്ന് മാത്രമല്ല, കോർപ്പറേറ്റുകളുമായി ഇതിനുവേണ്ടി നിയമയുദ്ധം നടത്താനുള്ള ശേഷിയും കർഷകർക്കില്ല.

കാർഷിക ഉൽപ്പന്നങ്ങൾ കേന്ദ്ര സർക്കാർതന്നെ മുൻകയ്യെടുത്ത് സംഭരിച്ച് ന്യായവിലയ്ക്ക് ആവശ്യക്കാർക്ക് വിതരണം ചെയ്യുന്ന സംവിധാനമാണ് നിലനിൽക്കേണ്ടത്. അതിനുപകരം കാർഷികോൽപ്പന്നങ്ങളുടെ വ്യാപാരമാകെ കോർപ്പറേറ്റുകൾക്ക് കൈവശപ്പെടുത്താൻ അവസരം നൽകുകയാണ് കേന്ദ്ര സർക്കാർ ചെയ്തിട്ടുള്ളത്. കർഷകർക്ക് ന്യായവില ലഭ്യമാക്കാനുള്ള ഉത്തരവാദിത്തത്തിൽനിന്ന് കേന്ദ്ര സർക്കാർ ഒഴിഞ്ഞുപോകുകയും ചെയ്യുന്നു.

ഈ സമരത്തിന്റെ പ്രധാന കാരണം കാർഷിക ഉൽപ്പന്നങ്ങൾക്ക് ഉണ്ടാകാനിടയുള്ള വിലത്തകർച്ചയാണ് എന്നത് വ്യക്തമാണ്. കോവിഡ്-19 മഹാമാരി ഉണ്ടായിട്ടുകൂടി 2020-21 സാമ്പത്തിക വർഷത്തിലെ നെല്ലിന്റെയും ഗോതമ്പിന്റെയും താങ്ങുവില കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2.9-ഉം 2.6-ഉം ശതമാനമാണ് വർദ്ധിച്ചത്. ഇത് പണപ്പെരുപ്പ നിരക്കിനെക്കാൾ കുറഞ്ഞതായിരിക്കെ കാർഷിക ഉൽപ്പന്നങ്ങളുടെ ന്യായവിലയെപ്പറ്റി കർഷകർക്കിടയിലുണ്ടായിരിക്കുന്ന വിശ്വാസത്തകർച്ചയ്ക്ക് അടിസ്ഥാനമുണ്ടെന്ന്

കാണാൻ കഴിയും.

ഇതോടൊപ്പംതന്നെ വളരെ പ്രാധാന്യമർഹിക്കുന്ന പ്രശ്നമാണ് ഭക്ഷ്യ സുരക്ഷ. സംഭരണത്തിൽ നിന്നും വിതരണത്തിൽ നിന്നും സർക്കാർ പിന്മാറുന്ന അവസ്ഥയുണ്ടാകുമ്പോൾ പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും വർദ്ധിക്കുകയും ഭക്ഷ്യവിതരണവും അതുവഴി ഭക്ഷ്യസുരക്ഷയും അപകടത്തിലാവുകയും ചെയ്യും. അവശ്യസാധന നിയമത്തിലെ വ്യവസ്ഥയിൽനിന്ന് ഭക്ഷ്യധാന്യങ്ങൾ, പയറുവർഗ്ഗങ്ങൾ എന്നിവയടക്കമുള്ള അവശ്യസാധനങ്ങൾ ഒഴിവാക്കിയത് സ്ഥിതി കൂടുതൽ വഷളാക്കും.

നിലവിലുള്ള പ്രശ്നങ്ങളുടെ അടിയന്തര സ്വഭാവം വ്യക്തമാക്കുന്നത് ഈ പ്രക്ഷോഭം തുടർന്നാൽ അത് കേരളത്തെ സാരമായി ബാധിക്കുമെന്നതന്നെയാണ്. ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലേയ്ക്ക് മറ്റു സംസ്ഥാനങ്ങളിൽനിന്നുള്ള ഭക്ഷ്യവസ്തുക്കളുടെ വരവ് നിലച്ചാൽ കേരളം പട്ടിണിയിലേയ്ക്ക് വഴുതിവീഴുമെന്ന കാര്യത്തിൽ സംശയമില്ല. പ്രത്യേകിച്ച് ഈ കോവിഡ് വ്യാപന ഘട്ടത്തിൽ അത്തരമൊരു സ്ഥിതി സൃഷ്ടിക്കാവുന്ന പ്രത്യാഘാതം ഒരു തരത്തിലും കേരളത്തിന് താങ്ങാനാവില്ല.

ഇതിനെല്ലാമുപരി, കൃഷി ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിലെ സംസ്ഥാന ലിസ്റ്റിൽ (ലിസ്റ്റ്-II) ഇനം 14 ആയും Market and Fairs ഇനം 28 ആയും

ഉൾപ്പെടുത്തിയിട്ടുള്ള വിഷയങ്ങളാണ്. സംസ്ഥാനങ്ങളെ നേരിട്ട് ബാധിക്കുന്ന പ്രശ്നമെന്ന നിലയിൽ ഇക്കാര്യത്തിൽ അന്തർസംസ്ഥാന കൗൺസിൽ യോഗം വിളിച്ചുകൂട്ടി വിശദമായ കൂടിയാലോചനകൾക്ക് കേന്ദ്രസർക്കാർ നടപടി സ്വീകരിക്കേണ്ടതായിരുന്നു. പാർലമെന്റിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്കുപോലും അയയ്ക്കാതെ തിരക്കിട്ടാണ് ഈ സുപ്രധാന നിയമങ്ങൾ പാസ്സാക്കിയത് എന്നത് ഗൗരവമായ പ്രശ്നമാണ്.

മേൽ പ്രതിപാദിച്ച വസ്തുതകൾ കണക്കിലെടുത്ത്, രാജ്യത്തിന്റെ നട്ടെല്ലായ കർഷകർ ഉന്നയിക്കുന്ന ന്യായമായ ആവശ്യങ്ങൾ അംഗീകരിക്കണമെന്നും ഈ മൂന്ന് വിവാദ നിയമങ്ങളും റദ്ദാക്കാനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും കേരള നിയമസഭ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നു" .

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ):</u> പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. കെ. സി. ജോസഫ്</u>: താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1. പ്രമേയത്തിലെ ഒന്നാമത്തെ പേജിൽ നാലാമത്തെ ഖണ്ഡികയുടെ ആരംഭത്തിലുള്ള

" ചില" എന്ന വാക്ക് ഒഴിവാക്കുകയും ഖണ്ഡികയുടെ അവസാനം

"പ്രത്യേകിച്ചും നിയമനിർമ്മാണ സഭകളിൽ വേണ്ടത്ര ചർച്ച നടത്തുവാൻ അവസരം നിഷേധിച്ചും സഭാനടപടി ചട്ടങ്ങൾ പ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പരിശോധനയ്ക്ക് അയയ്ക്കാതെയും പാസ്സാക്കിയ വിവാദമായ കാർഷിക നിയമങ്ങൾ റദ്ദുചെയ്യണമെന്ന കർഷകരുടെ ആവശ്യം അംഗീകരിക്കാൻ കേന്ദ്ര ഗവൺമെന്റ് ബാദ്ധ്യസ്ഥമാണെന്ന് ഈ സഭ കരുതുന്നു." എന്ന് കൂട്ടിച്ചേർക്കുക.

2. പ്രമേയത്തിന്റെ മൂന്നാമത്തെ പേജിൽ രണ്ടാമത്തെ ഖണ്ഡികയായി താഴെപ്പറയുന്ന ഭാഗം കൂട്ടിച്ചേർക്കുക.

" സാധാരണ കൃഷിക്കാരുടെ ആശ്രയമായ പരമ്പരാഗത ഗ്രാമചന്ത (മണ്ഡി) സംവിധാനത്തെ തകർത്ത് വൻകിട കോർപ്പറേറ്റുകളുടെ റീട്ടെയിൽ ശൃംഖലകൾക്ക് വഴിയൊരുക്കാനാണ് ഈ ബില്ലുകൾ എന്ന കർഷകരുടെ ആശങ്കകൾ ഗൗരവതരമായി കണക്കിലെടുക്കേണ്ടതാണ്. ഈ വിവാദ നിയമങ്ങൾ കാർഷികോൽപ്പന്നങ്ങളുടെ താങ്ങുവില സംവിധാനം ഇല്ലാതെയാക്കുമെന്നും കരാർ കൃഷിക്ക് നിയമം വഴിയൊരുക്കുമെന്നും പാവപ്പെട്ട കർഷകർ ചൂഷണ വിധേയരാകുമെന്നുമുള്ള കൃഷിക്കാരുടെ ഭയപ്പാട് പൂർണ്ണമായും ന്യായീകരിക്കത്തക്കതാണ്".

3. പ്രമേയത്തിന്റെ മൂന്നാം പേജിൽ അവസാന ഖണ്ഡികയ്ക്ക് തൊട്ടുമുമ്പായി

താഴെപ്പറയുന്ന ഖണ്ഡിക കൂട്ടിച്ചേർക്കുക.

" ഉത്തരേന്ത്യയിലെ അതിശൈത്യത്തെയും കോവിഡ് വ്യാപന ഭീഷണിയെയും നേരിട്ടുകൊണ്ട് കർഷകർ സമരമാരംഭിച്ചിട്ട് 35 ദിവസം കഴിഞ്ഞിട്ടും വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് പ്രധാനമന്ത്രിതന്നെ നേരിട്ട് കർഷക സംഘടനകളുമായി ചർച്ചകൾ നടത്തി പ്രശ്നപരിഹാരം ഉണ്ടാക്കാൻ ഇതുവരെ തയ്യാറാകാത്തതിൽ ഈ സഭ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു" .

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് ശാരീരിക ബുദ്ധിമുട്ടുകളുള്ളതിനാൽ സഭയിൽ ഹാജരാകാൻ കഴിയില്ലെന്ന് അറിയിക്കുകയുണ്ടായി.

ശ്രീ. കെ. സി. ജോസഫ്: പ്രമേയത്തെ പിന്താങ്ങുന്നു. പാർലമെന്റ് പാസ്സാക്കിയ കർഷക വിരുദ്ധ നിയമങ്ങൾമൂലമുണ്ടായ ഗുരുതരമായ സ്ഥിതിവിശേഷം കണക്കിലെടുത്തുകൊണ്ടുള്ള വിശദമായ ചർച്ചയാണ് ഉണ്ടാകേണ്ടിയിരുന്നത്. ഭരണഘടന പ്രകാരം സഭാസമ്മേളനം വിളിച്ച് ചേർക്കണമെന്ന സർക്കാർ ശിപാർശ നിരാകരിച്ച ഗവർണ്ണറുടെ നടപടി ജനാധിപത്യവിരുദ്ധവും പ്രതിഷേധാർഹവുമാണ്. സ്വാതന്ത്ര്യാനന്തരം ഭക്ഷ്യക്കമ്മിയുള്ള രാജ്യമായിരുന്ന ഇന്ത്യയെ ഹരിതവിപ്ലവത്തിലൂടെ സ്വയംപര്യാപ്തതയിലെത്തിച്ച കർഷകരെ അപമാനിക്കുന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചത്. 35 ദിവസമായി സമരം ചെയ്യുന്ന

കർഷകരുടെ ആവശ്യങ്ങൾ അംഗീകരിക്കാതെ ഭക്ഷ്യസംഭരണം കുത്തകകൾക്ക് അടിയറവ് വയ്ക്കുന്ന കേന്ദ്ര സർക്കാർ നടപടി അപലപനീയമാണ്. പാർലമെന്ററി ജനാധിപത്യത്തെ അവഗണിച്ചുകൊണ്ട് കർഷകവിരുദ്ധനിയമത്തിനെതിരെ പഞ്ചാബ്, രാജസ്ഥാൻ, ഛത്തീസ്ഗഡ് സംസ്ഥാനങ്ങൾ പാസ്സാക്കിയതുപോലെ സംസ്ഥാനവും പ്രത്യേക നിയമം കൊണ്ടുവരണം. ജനാധിപത്യത്തെ അപകടത്തിലാക്കിക്കൊണ്ട് മുന്നോട്ട് പോകുന്ന കേന്ദ്ര സർക്കാർ നയങ്ങൾക്കെതിരെ ശക്തമായ പ്രതിഷേധം ഉയർന്നുവരണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പ്രമേയത്തെ പിന്താങ്ങുന്നു. കേന്ദ്രസർക്കാർ പാസ്സാക്കിയ കാർഷിക നിയമങ്ങൾ കർഷകരെ മാത്രമല്ല രാജ്യത്തെയും തകർക്കുന്നതാണ്. കരാർ കൃഷിയുടെ മറവിൽ ബഹുരാഷ്ട്ര കുത്തകകൾക്ക് ഭക്ഷ്യോൽപ്പാദന-സംഭരണ-വിപണന രംഗങ്ങൾ കയ്യടക്കാൻ ഈ നിയമം സഹായകമാകും. വൻകിട കാർഷിക ഉൽപ്പന്ന സംഭരണ കമ്പനികൾ നിശ്ചയിക്കുന്ന വില ന്യായവിലയായി അംഗീകരിക്കപ്പെടുമ്പോൾ താങ്ങുവില സമ്പ്രദായം അപ്രസക്തമാകുകയും ഗുരുതരമായ കാർഷിക പ്രതിസന്ധിയിലേയ്ക്ക് നയിക്കുകയും ചെയ്യും. നിയമപരമായ നടപടികൾ സ്വീകരിക്കുന്നതിന് പുതിയ കേന്ദ്ര നിയമത്തിൽ ഒട്ടേറെ തടസ്സങ്ങളുണ്ടാകും. ബഹുരാഷ്ട്ര കമ്പനികൾ കാർഷിക രംഗത്തേയ്ക്ക് കടന്നുവരുന്നത്

നിരുത്സാഹപ്പെടുത്തണം.

<u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u>: പ്രമേയത്തെ പിന്താങ്ങുന്നു. കേന്ദ്ര സർക്കാരിന്റെ ജനവിരുദ്ധ നയങ്ങൾക്കെതിരെ നടക്കുന്ന കർഷക സമരത്തിൽ സ്ത്രീകളുടെ പങ്കാളിത്തം ശ്രദ്ധേയമാണ്. കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം. കുത്തകകൾക്കുവേണ്ടിയാണ് കേന്ദ്രസർക്കാർ കർഷകവിരുദ്ധ നിയമങ്ങൾ പാസ്സാക്കിയത്. കർഷകവിരുദ്ധ നിയമങ്ങൾ പിൻവലിക്കുന്നതിനും താങ്ങുവില ഉറപ്പാക്കി കർഷകരെ സംരക്ഷിക്കുന്നതിനും നടപടിയുണ്ടാകണം.

<u>ശ്രീ. മാത്യു ടി. തോമസ്</u>: പ്രമേയത്തെ പിന്താങ്ങുന്നു. കരിഞ്ചന്തയും പൂഴ്ത്തിവയ്പും സാധൂകരിക്കുന്ന നിയമങ്ങളാണ് കർഷകരെ ശാക്തീകരിക്കാനെന്ന വ്യാജേന കേന്ദ്ര സർക്കാർ കൊണ്ടുവന്നിരിക്കുന്നത്. കർഷകന് ന്യായവില ഉറപ്പാക്കുന്നതിന് നിലവിലുണ്ടായിരുന്ന സംവിധാനങ്ങൾ ഈ നിയമത്തിലൂടെ ഇല്ലാതായിരിക്കുകയാണ്. കുറഞ്ഞവിലയ്ക്ക് കാർഷികോല്പന്നങ്ങൾ സംഭരിക്കുന്നതിനും കൃത്രിമക്ഷാമമുണ്ടാക്കി കൊള്ളലാഭമുണ്ടാക്കുന്നതിനും കോർപ്പറേറ്റുകൾക്ക് ഒത്താശ ചെയ്യുന്ന നിയമങ്ങളാണ് പാസ്സാക്കിയിരിക്കുന്നത്. ഈ നിയമനിർമ്മാണം ഫെഡറൽ സംവിധാനത്തെയും

പൊതുവിതരണസമ്പ്രദായത്തെയും തകർക്കുന്നതാണ്. കർഷകവിരുദ്ധ നിയമങ്ങൾക്കെതിരെ സഭ ഒറ്റക്കെട്ടായി പ്രതികരിക്കണം.

ശ്രീ. പി. ജെ. ജോസഫ്: പ്രമേയത്തെ പിന്താങ്ങുന്നു. സംസ്ഥാനങ്ങളുമായി ചർച്ച ചെയ്യാതെ നടപ്പാക്കിയ കാർഷിക നിയമങ്ങൾ ഫെഡറൽ സംവിധാനത്തെ അട്ടിമറിക്കുന്നതാണ്. ഉപഭോക്തൃ സംസ്ഥാനങ്ങളെ ഗുരുതരമായി ബാധിക്കുന്നതും പൊതുവിതരണ സമ്പ്രദായത്തെ തകർക്കുന്നതുമായ നിയമങ്ങളാണ് കേന്ദ്ര സർക്കാർ കൊണ്ടുവന്നിരിക്കുന്നത്. ഈ നിയമം നിലവിൽവരുന്നതോടുകൂടി കേരളത്തിലേയ്ക്കുള്ള ഭക്ഷ്യധാന്യങ്ങളുടെ ലഭ്യത കുറയും. ഇന്ത്യയിലെ മൊത്തം കർഷകരെയും ബാധിക്കുന്ന ഈ കർഷകവിരുദ്ധനിയമത്തിനെതിരെ കേരളം ഒറ്റക്കെട്ടായി നിലകൊള്ളണം.

ശ്രീ. ഒ. രാജഗോപാൽ: കർഷകരുടെ സംരക്ഷണം ഉറപ്പാക്കുന്ന നിയമമാണ് കേന്ദ്രഗവൺമെന്റ് പാസ്സാക്കിയിട്ടുള്ളത്. കാർഷിക മേഖലകളിലെ ഇടനിലക്കാരെയും കമ്മീഷൻ ഏജന്റുമാരെയും ഒഴിവാക്കി കർഷകരുടെ ഉല്പന്നങ്ങൾ എവിടെയും വിൽക്കാനുള്ള വ്യവസ്ഥകളാണ് ബില്ലിലുള്ളത്. കർഷകരുടെ വരുമാനം ഇരട്ടിയാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് കേന്ദ്രസർക്കാർ ഈ നിയമം പാസ്സാക്കിയിട്ടുള്ളത്.

ശ്രീ. മാണി സി. കാപ്പൻ: പ്രമേയത്തെ പിന്താങ്ങുന്നു. കർഷക

നിയന്ത്രണമില്ലാതാക്കി കുത്തകവൽക്കരണം ഉറപ്പാക്കുന്നതാണ് കേന്ദ്രസർക്കാരിന്റെ പുതിയ കാർഷിക നിയമം. കാർഷികോൽപ്പന്നങ്ങളുടെ താങ്ങുവില സമ്പ്രദായം ഇല്ലാതാക്കി വൻകിട കുത്തകകൾക്ക് ഇഷ്ടാനുസരണം വില നിശ്ചയിക്കാനുള്ള അധികാരമാണ് ഈ നിയമത്തിലൂടെ നൽകുന്നത്. സഹകരണ മാർക്കറ്റിംഗ് സംവിധാനങ്ങളിലൂടെ കൃഷി, തദ്ദേശസ്വയംഭരണവകുപ്പുകളുടെ സ്വതന്ത്രമായ കാർഷിക പ്രവർത്തനങ്ങൾക്ക് വിഘാതമാകുന്ന നിർദ്ദേശങ്ങളാണ് നിയമത്തിലുള്ളത്.

<u>ശ്രീ. അനൂപ് ജേക്കബ്</u>: പ്രമേയത്തെ പിന്താങ്ങുന്നു. കാർഷിക നിയമങ്ങൾ നടപ്പാക്കുന്നതിലൂടെ രാജ്യത്തെ പൊതുവിതരണ സംവിധാനം അട്ടിമറിക്കപ്പെടുകയും കരാർ കൃഷി പ്രോത്സാഹിപ്പിക്കപ്പെടുകയും താങ്ങുവില ഇല്ലാതാക്കുകയും കർഷകർക്ക് വായ്പാസൗകര്യങ്ങൾ നിഷിദ്ധമാക്കുകയും ചെയ്യും. കോർപ്പറേറ്റുവൽക്കരണം ലക്ഷ്യമിട്ട് കൊണ്ടുവന്നിട്ടുള്ള ഈ നിയമത്തെ ശക്തമായി എതിർക്കുന്നതോടൊപ്പം കാർഷികമേഖലയെ പ്രതികൂലമായി ബാധിക്കുന്ന കരിനിയമങ്ങൾ പിൻവലിക്കാൻ കേന്ദ്രസർക്കാരിൽ ശക്തമായ സമ്മർദ്ദം ചെലുത്തുകയും വേണം.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>): പ്രമേയത്തെ പിന്താങ്ങുന്നു. പാർലമെന്ററി ജനാധിപത്യത്തെ

അവഗണിച്ചുകൊണ്ട് കേന്ദ്രസർക്കാർ പാസ്സാക്കിയ കാർഷിക നിയമം രാജ്യത്തിന്റെ സമ്പദ്ഘടനയെയും ഐക്യത്തെയും തകർക്കുന്നതും ബഹുരാഷ്ട്രകുത്തകകളെ സഹായിക്കുന്നതുമാണ്. കർഷകതാൽപര്യത്തെ പ്രതികൂലമായി ബാധിക്കുന്ന ഈ നിയമം പിൻവലിക്കണമെന്ന് കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെടണം.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: പ്രമേയത്തെ പിന്താങ്ങുന്നു. കേന്ദ്രഗവൺമെന്റ് പാസ്സാക്കിയ കർഷകവിരുദ്ധനിയമം കർഷകരുടെ അവകാശങ്ങൾ ഹനിക്കുന്നവയും ഭൂപരിധിനിയമം ലംഘിച്ച് അവരുടെ ഭൂമി കൈക്കലാക്കാൻ വൻകിട കുത്തകകൾക്ക് അവസരം നൽകുന്നതുമാണ്. പാർലമെന്ററി ജനാധിപത്യത്തെ നോക്കുകുത്തിയാക്കിക്കൊണ്ട് ഏകപക്ഷീയമായാണ് ഈ നിയമം പാസ്സാക്കിയിരിക്കുന്നത്. കാർഷികോൽപ്പന്നങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള താങ്ങുവില എടുത്തുകളയുന്നതിനും പൊതുവിപണികളില്ലാതാക്കുന്നതിനും കർഷകർക്ക് വായ്പാസൗകര്യം നിഷേധിക്കുന്നതിനും കരിഞ്ചന്തയ്ക്കും പൂഴ്ത്തിവയ്പ്പിനും അവസരം സൃഷ്ടിക്കുന്നതുമായ ഈ നിയമത്തെ ശക്തമായി എതിർക്കണം.

ശ്രീ. കോവൂർ കുഞ്ഞുമോൻ: പ്രമേയത്തെ പിന്താങ്ങുന്നു. ജനവിരുദ്ധ നിയമങ്ങൾ നടപ്പാക്കി രാജ്യതാൽപ്പര്യത്തെയും കർഷകരുടെ അവകാശങ്ങളെയും ഹനിക്കുന്ന നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിക്കുന്നത്. കർഷകസംരക്ഷണം ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ കൊണ്ടുവന്ന പ്രമേയത്തിന് ഐക്യദാർഢ്യം

പ്രഖ്യാപിക്കുന്നു.

<u>ശ്രീ. പി. സി. ജോർജ്</u>: പ്രമേയത്തെ പിന്താങ്ങുന്നു. കോർപ്പറേറ്റുകളെ സഹായിക്കുകയും പാവപ്പെട്ടവരുടെമേൽ അധികഭാരം അടിച്ചേൽപ്പിക്കുകയും ചെയ്യുന്ന നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്. റബ്ബറിന്റെ താങ്ങുവില വർദ്ധിപ്പിച്ച് കർഷകരെ രക്ഷിക്കാനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): കേന്ദ്രസർക്കാരിന്റെ കർഷകവിരുദ്ധ നിലപാടിനെതിരെയുള്ള വികാരമാണ് സഭയിൽ പ്രകടമായത്. കർഷകർ നേരിടുന്ന പ്രതിസന്ധിയെക്കുറിച്ച് ചർച്ച ചെയ്യും സമരത്തിന് പിന്തുണ അറിയിച്ചുകൊണ്ടുമാണ് സംസ്ഥാന സർക്കാർ പ്രമേയം പാസ്സാക്കുന്നത്. കർഷക വിരുദ്ധ നിയമത്തിനെതിരെ നിയമനിർമ്മാണം നടത്തുന്നതുമായി ബന്ധപ്പെട്ട പരിശോധനകൾ നടന്നുകൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ കാർഷിക മേഖലയിൽ ശക്തമായ ഇടപെടൽ നടത്താൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. നെല്ലിന് ഏറ്റവും കൂടുതൽ താങ്ങുവില നൽകുന്ന സംസ്ഥാനം കേരളമാണ്. 'സുഭിക്ഷകേരളം പദ്ധതി' നടപ്പാക്കുകയും കർഷക ക്ഷേമനിധി ബോർഡ് രൂപീകരിക്കുകയും കർഷകത്തൊഴിലാളി പെൻഷൻ 1500 രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പച്ചക്കറി ഉൽപ്പാദനം 15 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിപ്പിക്കാനും 16 ഇനം

പച്ചക്കറികൾക്ക് തറവില പ്രഖ്യാപിക്കാനും പൊതുവിതരണ സമ്പ്രദായത്തിന്റെയും സഹകരണ മേഖലയുടെയും ശക്തമായ ഇടപെടൽമൂലം അവശ്യസാധനങ്ങളുടെ വില നിയന്ത്രിക്കാനും സാധിച്ചിട്ടുണ്ട്. അട്ടപ്പാടിയിൽ മില്ലറ്റ് വില്ലേജ് പദ്ധതിയിലൂടെ പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ തനത് വിള കൃഷി പുന:സ്ഥാപിക്കാനും 27 ഇനം കാർഷിക വിളകൾക്ക് വിള ഇൻഷ്വറൻസ് ഏർപ്പെടുത്താനും കഴിഞ്ഞു. കർഷക സമരം അവസാനിപ്പിക്കണമെന്ന നിബന്ധന വയ്ക്കാതെ കർഷകരുടെ ജീവൽ പ്രശ്നങ്ങളെപ്പറ്റിയുള്ള ആശങ്കകൾ പരിഹരിക്കാനും രാജ്യത്തിന്റെ പൊതുവികാരം മനസ്സിലാക്കി കർഷക വിരുദ്ധ നിയമങ്ങൾ പിൻവലിക്കാനും കേന്ദ്രസർക്കാർ മുന്നോട്ടുവരണം.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 1-ാം നമ്പർ ഭേദഗതി ഭാഗികമായി അംഗീകരിക്കുകയും മറ്റ് ഭേദഗതികൾ നിരാകരിക്കുകയും ചെയ്തു.

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

**II പ്രമേയം**

സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ പിണറായി വിജയൻ): സഭ മുമ്പാകെ മറ്റ് അത്യാവശ്യ

ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ് എന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>): പ്രമേയത്തെ പിന്താങ്ങുന്നു.

സഭ ദേശീയ ഗാനാലാപനത്തോടെ രാവിലെ 11.00 മണിക്ക് അനിശ്ചിത കാലത്തേയ്ക്ക് പിരിഞ്ഞു.

...............